ഒരു കിലോമീറ്റർ റോഡ് പണിക്ക് ആവശ്യമായിവരുന്ന തുക

*13 [117] *ശ്രീ. കെ. ബാബു:*

ശ്രീമതി മേഴ്സി രവി:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കിലോമീറ്റർ റോഡ് നന്നാക്കി പുനർനിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് അനുവദിക്കുന്ന തുക എത്രയാണ്;

(ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് അനുസരിച്ച് ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണ്; റോഡിന്റെ നിർമ്മാണം സംബന്ധിച്ച പണികൾ സൂപ്പർവൈസ് ചെയ്യുന്നതും, നിർദ്ദിഷ്ട സ്റ്റാൻഡേർഡ് അനുസരിച്ചാണ് റോഡുപണി നടക്കുന്നതെന്നും ഉറപ്പു വരുത്തുന്നതാരാണ്;

(സി) പ്രസ്തുത റോഡിന്റെ നിലവാരം, സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്താറുണ്ടോ?

മരാമത്ത് വകുപ്പുമന്ത്രി *(ഡോ. എം. കെ. മുനീർ):*

(എ) ഒരു കിലോമീറ്റർ റോഡ് പുനർനിർമ്മിക്കുന്നതിന് ദേശീയപാതാ വിഭാഗത്തിൽ രണ്ടുകോടി രൂപയും സ്റ്റേറ്റ് ഹൈവേ നന്നാക്കി (ഉപരിതലം മാത്രം) പുനർനിർമ്മിക്കുന്നതിന് ഏകദേശം 8.50 ലക്ഷം രൂപയും State- ൽ BM+AC ആണെങ്കിൽ കി. മീറ്ററിന് 20 ലക്ഷം രൂപയും ചെലവ് വരും. എം. ഡി. ആർ. ആണെങ്കിൽ ഏകദേശം 6 ലക്ഷം രൂപയും ചെലവു വരുമെന്ന് കണക്കാക്കിയിരിക്കുന്നു.

(ബി) കേരള ട്രാൻസ്പോർട്ട് പ്രോജക്ടിൽ അപ്ഗ്രഡേഷൻ ജോലികൾക്ക് ഒരു കിലോമീറ്ററിന് ശരാശരി ഒന്നേമുക്കാൽ കോടി രൂപയും മെയിന്റനൻസിന് 35 ലക്ഷം രൂപയും ചെലവ് കണക്കാക്കുന്നു. ഒന്നാംഘട്ട അപ്ഗ്രഡേഷൻ സംബന്ധിച്ച പണികൾ സൂപ്പർവൈസ് ചെയ്യുന്നത് റൈറ്റ്സ്-ബെക്കാ-ഡബ്ല്യു. എസ്. എ. കൺസോർഷ്യം എന്ന കൺസൾട്ടൻസിയാണ്. രണ്ടാം ഘട്ട അപ്ഗ്രഡേഷൻ സംബന്ധിച്ച പണികൾ സൂപ്പർവൈസ് ചെയ്യുന്നതിന് ബി. സി. ഇ. ഒ. എം. എന്ന കൺസൾട്ടൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഒന്നാംവർഷ മെയിന്റനൻസ് പ്രവൃത്തി പണികൾ സൂപ്പർവൈസ് ചെയ്യുന്നത് ഐ. സി. റ്റി.യും ലീ അസോസിയേറ്റ്സ് കൺസൾട്ടൻസിയും ആക്കി പ്രവൃത്തി പണികൾ പി. ഡബ്ല്യു. ഡി.യുമാകുന്നു. രണ്ടും മൂന്നും വർഷ പണികൾ പി. ഡബ്ല്യു. ഡി. നേരിട്ട് സൂപ്പർവൈസ് ചെയ്യുന്നു. റോഡുപണികൾ

LIBRARY ARCHIVES Kerala Legislative Assembly

സൂപ്പർവൈസ് ചെയ്യുന്നതിനും നിർദ്ദിഷ്ട നിരക്കിൽ സ്പെഷ്യൽ ക്ലേഷനിലും പണികൾ ചെയ്യിക്കുന്നതിനും വർക്ക് സൂപ്രണ്ട്, അസിസ്റ്റന്റ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർക്കും ഉത്തരവാദിത്തമുണ്ട്.

(സി) കരാറിൽ ഉൾപ്പെടുത്താറുണ്ട്.

എൻട്രൻസ് പരീക്ഷകളിൽ ഗ്രാമങ്ങളിൽനിന്നുള്ളവർക്ക് ഗ്രേസ് മാർക്ക്

*14 [118] *ശ്രീ. ബി. വിജയകുമാർ:*

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻട്രൻസ് പരീക്ഷകളിൽ ഗ്രാമങ്ങളിൽനിന്നുള്ളവർക്ക് ഉയർന്ന റാങ്കുകൾ കരസ്ഥമാക്കാൻ കഴിയാത്തതിന്റെ പേരിൽ അവർക്ക് പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം കിട്ടാതെവരുകയോ അപ്രധാന വിഷയങ്ങൾക്കുമാത്രം പ്രവേശനം കിട്ടുകയോ ചെയ്യുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് എപ്രകാരം പരിഹാരം കാണുവാനുദ്ദേശിക്കുന്നു;

(സി) ഗ്രാമങ്ങളിലുള്ള സ്കൂളുകളിൽ എൻട്രൻസിന് സ്പെഷ്യൽ കോച്ചിംഗ് നൽകുവാൻ ഉദ്ദേശമുണ്ടോ;

(ഡി) എൻട്രൻസ് പരീക്ഷയിൽ ഗ്രാമങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് കൊടുക്കുവാൻ ഉദ്ദേശമുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) എൻട്രൻസ് പരീക്ഷ എഴുതി ആദ്യറാങ്കുകൾ കരസ്ഥമാക്കുന്ന വിദ്യാർത്ഥികളിൽ പട്ടണത്തിൽനിന്നുള്ളവരും, ഗ്രാമങ്ങളിൽനിന്നുള്ളവരും തമ്മിൽ വലിയ വ്യത്യാസമൊന്നും കാണുന്നുള്ളുവെങ്കിലും ഗ്രാമപ്രദേശത്തെ പ്രാതിനിധ്യം കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ഗ്രാമപ്രദേശങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്ലസ് ടു തലത്തിൽ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്

(ഡി) ഇത്തരമൊരു നിർദ്ദേശം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly